**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1187** **31-01-2024 - ൽ മറുപടിയ്ക്ക്**

**പരവൂർ ചില്ലയ്ക്കൽ ഫിഷ് ലാന്റിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ ചില്ലയ്ക്കലിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ചില്ലയ്ക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണത്തിന് നബാർഡ് - ആർ .ഐ .ഡി.എഫ് ട്രാഞ്ചെ 26 ൽ ഉൾപ്പെടുത്തി 855.21 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . ബഹു . ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15.11.2022- ന് കൂടിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഐ. ഐ .റ്റി മദ്രാസിനെ ചുമതലപ്പെടുത്തി മോഡൽ സ്റ്റഡി നടത്തി . പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രോയിനുകൾ നിർമ്മിക്കുന്നതിന് 625 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ചെങ്കിലും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 42.08% അധിക നിരക്ക് ക്വാട്ട് ചെയ്ത് ടെണ്ടറാണ് ലഭ്യമായത്. പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതും അധിക നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് അംഗീകാരിക്കുന്നതും സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ചു വരുന്നു. കോസ്റ്റൽ റെഗുലേറ്ററി സോൺ (CRZ) അനുമതിയ്ക്ക് വേണ്ടി കോസ്റ്റൽ റെഗുലേറ്ററി സോൺ (CRZ) സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) – നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അടങ്കൽ തുക എത്രയാണെന്ന് അറിയിക്കാമോ; | (ബി) | ചില്ലയ്ക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണത്തിനുള്ള അടങ്കൽ തുക 855.21 ലക്ഷം രൂപയാണ് . |
| (സി) | ഇതിന്റെ നിർമ്മാണ നടപടികളുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ടൗട്ടേ ചുഴലിക്കാറ്റുമൂലം തീരം കടലെടുത്ത സാഹചര്യത്തിൽ ആദ്യപടിയായി തീരം പരിപോഷിപ്പിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ ഫിഷ് ലാന്റിംഗ് സെന്റർ കെട്ടിട നിർമ്മാണം പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് സാധിക്കുകയുള്ളൂ. തീരം സുരക്ഷിതമാക്കുന്നതിന് ഗ്രോയിനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ദർഘാസ് |

| | | | |
|---|---|---|---|
| | | | അംഗീകാരിക്കുന്നതും ധനകാര്യ വകുപ്പ് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ